REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 10-04-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ത്രിതല പഞ്ചായത്തുകളിലെ K- സ്മാർട്ട് പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് രാവിലെ ഉദ്ഘാടനം ചെയ്യും.**
- **പോക്സോ കേസുകൾ അന്വേഷിക്കുന്നതിന് പ്രത്യേക സംഘം രൂപീകരിക്കാൻ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു.**
- **മുംബൈ ഭീകരാക്രമണ കേസിലെ പ്രതി തഹാവൂർ റാണയെ ഇന്ത്യക്ക് വിട്ടുനൽകുന്നത് നരേന്ദ്രമോദി ഗവൺമെന്റിന്റെ നയതന്ത്ര ശ്രമങ്ങളുടെ വിജയമെന്ന് കേന്ദ്രമന്ത്രി അമിത് ഷാ.**
- **സംസ്ഥാനത്തെ സപ്ലൈകോ വിഷു - ഈസ്റ്റർ ഫെയറുകൾക്ക് ഇന്ന് തുടക്കമാകും.**
- **IPL ട്വന്റി-20 ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ്, രാജസ്ഥാൻ റോയൽസിനെ തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

തദ്ദേശഭരണ സ്ഥാപനങ്ങളുടെ എല്ലാ സേവനങ്ങളും ഓൺലൈനിൽ ലഭ്യമാക്കുന്ന K- സ്മാർട്ട് പദ്ധതി ഇന്നുമുതൽ മുഴുവൻ ത്രിതല പഞ്ചായത്തുകളിലും നിലവിൽ വരും.

K-സ്മാർട്ട് ത്രിതല പഞ്ചായത്തുകളിലേക്ക് വിന്യസിക്കുന്ന ചടങ്ങ് രാവിലെ തിരുവനന്തപുരം ഉദയാ പാലസ് കൺവെൻഷൻ സെന്ററിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി MB രാജേഷ് അധ്യക്ഷനാകുന്ന ചടങ്ങിൽ പ്രതിപക്ഷനേതാവ് VD സതീശൻ, മന്ത്രിമാരായ K രാജൻ, KN

ബാലഗോപാൽ, V ശിവൻകുട്ടി, GR അനിൽ, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ തുടങ്ങിയവർ  പങ്കെടുക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

......വോയ്സ്......

ജനന-മരണ-വിവാഹ രജിസ്ട്രേഷൻ മുതൽ വസ്തു നികുതിയും, കെട്ടിട നിർമാണ പെർമിറ്റും വരെ നിരവധി സേവനങ്ങൾ K- സ്മാർട്ടിലൂടെ ലഭിക്കും. സമയബന്ധിതമായി സേവനം ഉറപ്പാക്കാനും ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും അഴിമതി സാധ്യത പരമാവധി ലഘൂകരിക്കാനും K- സ്മാർട്ട് വഴി കഴിയും.

ഇൻഫർമേഷൻ കേരളാ മിഷൻ രൂപകൽപ്പന ചെയ്ത പ്ലാറ്റ്ഫോമാണ് K-സ്മാർട്ട്. രാജ്യത്ത് ആദ്യമായാണ് ഒരു സംസ്ഥാനം പ്രാദേശിക ഗവൺമെന്റുകളുടെ എല്ലാ സേവനങ്ങളും ഓൺലൈനിൽ ഒരുക്കിനൽകുന്നത്.

നിലവിൽ K-സ്മാർട്ട് ലഭ്യമാക്കിയ 87 മുൻസിപ്പാലിറ്റികൾക്കും ആറ് കോർപറേഷനുകൾക്കുമൊപ്പം 941 ഗ്രാമപഞ്ചായത്തുകളിലും 152 ബ്ലോക്കുകളിലും, 14 ജില്ല പഞ്ചായത്തുകളിലും പുതിയ സംവിധാനം ലഭ്യമാവും. K-സ്മാർട്ട് ആപ്ലിക്കേഷന്റെ പൈലറ്റ് ലോഞ്ച് തിരുവനന്തപുരം കരകുളം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ലാ - ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ ഈ വർഷം ജനുവരി ഒന്ന് മുതൽ ആരംഭിച്ചിരുന്നു.

✪✪✪

ആശാപ്രവർത്തകർക്ക് 2005-ൽ പ്രഖ്യാപിച്ച അതേ ഇൻസന്റീവാണ് കേന്ദ്രഗവൺമെന്റ് ഇപ്പോഴും നൽകുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. അതേസമയം LDF ഗവൺമെന്റ്  ഓണറേറിയത്തിൽ ഇതുവരെ ആറായിരം രൂപയുടെ വർദ്ധന നൽകിയിട്ടുണ്ടെന്നും ഇൻസന്റീവും ഓണറേറിയവുമായി 13,000 രൂപ അവർക്ക് ലഭിക്കുന്നുണ്ടെന്നും മഖ്യമന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഇപ്പോൾ സമരം ചെയ്യുന്നത് ആശാപ്രവർത്തകരിൽ വളരെ ചെറിയ ശതമാനം മാത്രമാണെന്നും അഞ്ച് തവണ ചർച്ച നടത്തിയിട്ടും പ്രശ്നം ഒത്തുതീർക്കാൻ അവർ തയ്യാറായില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

അതിനിടെ ആശാപ്രവർത്തകരുടെ സമരം ഇന്ന് 60-ാം ദിവസത്തിലേക്ക് കടന്നു. നിരാഹാര സമരം 22-ാം ദിവസത്തിലേക്കും പ്രവേശിച്ചു.

✪✪✪

പോക്സോ കേസുകൾ അന്വേഷിക്കുന്നതിന് പ്രത്യേക സംഘം രൂപീകരിക്കാൻ ഇന്നലെ ചേർന്ന സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു. ഇതിനായി 304 തസ്തിക സൃഷ്ടിക്കും. പുതിയ സാമ്പത്തിക വർഷത്തെ മദ്യനയത്തിനും മന്ത്രിസഭ അംഗീകാരം നൽകി.

കെൽട്രോൺ തൊഴിലാളികളുടെ ശമ്പള പരിഷ്കരണം 2017 ഏപ്രിൽ ഒന്നു മുതൽ മുൻകാല പ്രാബല്യത്തോടെ നടപ്പാക്കും.

ഭൂരഹിതരായ അതിദരിദ്രർക്ക് ഭൂമി കണ്ടെത്താൻ മറ്റ് ഗവൺമെന്റ് വകുപ്പുകളുടെ ഉടമസ്ഥതതയിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഏറ്റെടുക്കും. സുനാമി പുനരധിവാസ പദ്ധതിയിൽ നിർമ്മിച്ചതും ആൾത്താമസം ഇല്ലാത്തതുമായ ഫ്ലാറ്റുകളും ഇതിനായി ഉപയോഗിക്കാൻ ജില്ലാ കളക്ടർമാർക്ക് അനുമതി നൽകാനും മന്ത്രിസഭ തീരുമാനിച്ചു.

✪✪✪

മുംബൈ ഭീകരാക്രമണ കേസിലെ പ്രതി തഹാവൂർ റാണയെ ഇന്ത്യക്ക് വിട്ടുനൽകുന്ന അമേരിക്കൻ തീരുമാനം നരേന്ദ്രമോദി ഗവൺമെന്റിന്റെ നയതന്ത്ര ശ്രമങ്ങളുടെ വൻ വിജയമാണെന്ന് കേന്ദ്രമന്ത്രി അമിത് ഷാ പറഞ്ഞു. ഇന്ത്യയിലെ ജനങ്ങൾക്കെതിരെ പ്രവർത്തിച്ചവരെയെല്ലാം രാജ്യത്ത് തിരിച്ചെത്തിക്കുന്നത് ഗവൺമെന്റിന്റെ ഉത്തരവാദിത്ത മാണെന്നും ഷാ വിലയിരുത്തി. ഇന്ത്യയിലെ കോടതിയിൽ തഹാവൂർ റാണയെ വിചാരണ ചെയ്യാൻ കഴിയുന്നത് വലിയ നേട്ടമാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ സ്വകാര്യ ടിവി ചാനലിനോട് പറഞ്ഞു.

തഹാവൂർ റാണയെ ഇന്ന് പ്രത്യേക വിമാനത്തിൽ ഇന്ത്യയിൽ എത്തിച്ചേക്കുമെന്നാണ് റിപ്പോർട്ട്. ഇന്ത്യയിലേക്ക് തിരിച്ചയക്കുന്നത് തടയണമെന്ന റാണയുടെ അപേക്ഷ US സുപ്രീം കോടതി തള്ളിയതിനെ തുടർന്നാണ് അമേരിക്കയുടെ നടപടി.

✪✪✪

പൗരത്വ ഭേദഗതി നിയമത്തിനെതിരെ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി അഭ്യൂഹങ്ങൾ പരത്തുകയാണെന്ന് കേന്ദ്രമന്ത്രി അമിത് ഷാ കുറ്റപ്പെടുത്തി. നിയമം നടപ്പാക്കുന്നതോടെ മുസ്ലീംങ്ങളുടെ പൗരത്വം ഇല്ലാതാകുമെന്ന തരത്തിൽ രാഹുൽ ഗാന്ധിയും അദ്ദേഹത്തിന്റെ കൂട്ടാളികളും വ്യാജപ്രചാരണം നടത്തുകയാണ്. ഇതുവരെ മുസ്ലീം വിഭാഗത്തിൽ പെട്ട ഒരാൾക്കും നിയമം മൂലം പൗരത്വം നഷ്ടപ്പെട്ടിട്ടില്ലെന്ന് അമിത് ഷാ വ്യക്തമാക്കി.

✪✪✪

വഖഫ് ഭേദഗതി നിയമത്തിൽ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുടേയും പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജിയുടേയും നിലപാടിനെ BJP വിമർശിച്ചു. എട്ട് ലക്ഷത്തിൽ പരം വഖഫ് സ്വത്തുക്കളിൽ സ്കൂളോ ആശുപത്രിയോ നൈപുണ്യ കേന്ദ്രങ്ങളോ നിർമ്മിച്ചിട്ടില്ലെന്ന് BJP നേതാവ് രവിശങ്കർ പ്രസാദ് ന്യൂഡൽഹിയിൽ പറഞ്ഞു. ഇക്കാര്യത്തിൽ രാഹുൽ ഗാന്ധി മൗനം പുലർത്തുകയാണെന്നും രവിശങ്കർ പ്രസാദ് കുറ്റപ്പെടുത്തി.

✪✪✪

ജില്ലാ പ്രസിഡന്റുമാരെ സംഘടനാതലത്തിൽ പാർട്ടിയുടെ അടിത്തറയാക്കുമെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു. അഹമ്മദാബാദിൽ 84-ാമത് AICC സെഷനിലാണ് അദ്ദേഹം പാർട്ടിയുടെ സംഘടനാഘടനയിൽ സുപ്രധാന മാറ്റങ്ങൾ അറിയിച്ചത്.

3,000-ത്തിലധികം പ്രതിനിധികൾ AICC സെഷനിൽ പങ്കെടുത്തു. ഭാവി രാഷ്ട്രീയ വെല്ലുവിളികളും വരാനിരിക്കുന്ന തെരഞ്ഞെടുപ്പ് തന്ത്രങ്ങളും സെഷൻ ചർച്ച ചെയ്തു.

✪✪✪

കേന്ദ്ര സഹമന്ത്രി സരേഷ്ഗോപി നാഗാലാൻഡിലെ ന്യൂലാൻഡ് ജില്ല സന്ദർശിച്ചു. വകുപ്പ് മേധാവികളുമായി അദ്ദേഹം ചർച്ച നടത്തി. വിനോദസഞ്ചാര മേഖലയിൽ ഇനിയും തീർപ്പാക്കാത്ത പദ്ധതികൾ വേഗത്തിലാക്കാൻ മന്ത്രി ആവശ്യപ്പെട്ടു. നിഖേഖു ഗ്രാമത്തിലെ ഗവൺമെന്റ് ഹൈസ്കൂൾ സന്ദർശിച്ച സുരേഷ്ഗോപി സ്കൂൾ അധികൃത രുമായും വിദ്യാർത്ഥികളുമായും സംവദിച്ചു.

✪✪✪

അമേരിക്ക ഏർപ്പെടുത്തിയ പകരചുങ്കം നടപ്പാക്കുന്നതിന് ചൈന ഒഴികെ രാജ്യങ്ങൾക്ക് 90 ദിവസത്തെ ഇടവേള US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ചു. അതേസമയം ചൈനക്കെതിരെ ചുമത്തിയ ചുങ്കത്തിന്റെ നിരക്ക് 125 ശതമാനമായി ഉടൻ പ്രാബല്യത്തിൽ വരും വിധം ട്രംപ് ഉയർത്തുകയും ചെയ്തു.

✪✪✪

സംസ്ഥാനത്ത് സപ്ലൈകോ വിഷു - ഈസ്റ്റർ ഫെയറുകൾക്ക് ഇന്ന് തുടക്കമാകും. ഈ മാസം 19 വരെയാണ് ഫെയറുകൾ. എല്ലാ താലൂക്കുകളിലെയും ഒരു പ്രധാന വിൽപനശാല കേന്ദ്രീകരിച്ചാണ് ഫെയർ ക്രമീകരിക്കുന്നത്. കൺസ്യൂമർ ഫെഡിന്റെ വിഷു - ഈസ്റ്റർ സഹകരണ ചന്തകളും വെള്ളിയാഴ്ച മുതൽ ഈ മാസം 21 വരെ തുറന്ന് പ്രവർത്തിക്കും.

ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ഉൾപ്പെടെ 170  കൺസ്യൂമർ ഫെഡ് വിപണന കേന്ദ്രങ്ങളാണ് സംസ്ഥാനത്ത് ക്രമീകരിക്കുന്നത്.

✪✪✪

സംസ്ഥാന വ്യവസായ വകുപ്പിന് കീഴിലെ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം 24 ആയി വർദ്ധിച്ചു. ഇവയുടെ സഞ്ചിത പ്രവർത്തനലാഭം 134 കോടി 56 ലക്ഷം രൂപയായി ഉയർന്നെന്ന് മന്ത്രി P രാജീവ് അറിയിച്ചു. നേരത്തെ 18 പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിരുന്നത്.

ചവറ കേരള മിനറൽസ് ആന്റ് മെറ്റൽസ് ആണ് ഏറ്റവും അധികം ലാഭമുണ്ടാക്കിയത് - 107 കോടി 67 ലക്ഷം രൂപ. കെൽട്രോൺ 50 കോടി 54 ലക്ഷം രൂപയും പ്രവർത്തന ലാഭമുണ്ടാക്കി. ലാഭത്തിലേക്ക് എത്താൻ കഴിയാതിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടം ഗണ്യമായി കുറച്ചെന്നും മന്ത്രി പറഞ്ഞു.

✪✪✪

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ മാലിന്യ സംസ്കരണത്തിന് മികച്ച പ്രവർത്തനം കാഴ്ചവെച്ചതിന് കണ്ണൂർ ജില്ലയ്ക്ക് പുരസ്കാരം. തിരുവനന്തപുരത്ത് വൃത്തി കോൺക്ലേവിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ജില്ലാ കലക്ടറും ചേർന്ന് മന്ത്രി MB രാജേഷിൽ നിന്ന് പുരസ്കാരം ഏറ്റുവാങ്ങി. കോഴിക്കോട് ജില്ലക്കാണ് രണ്ടാം സ്ഥാനം.

ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.....

......(വോയ്സ്)......

ജില്ലാ ഭരണകൂടത്തിന്റെയും വിവിധ തദ്ദേശസ്ഥാപനങ്ങളുടെയും വേറിട്ട പ്രവർത്തനമാണ് ജില്ലയെ ഒന്നാമതെത്താൻ സഹായിച്ചത്. മാലിന്യം വലിച്ചെറിയുന്നതിന് പകരം ശാസ്ത്രീയമായ രീതികൾ അവലംബിക്കുക എന്ന ബോധം പൊതു സമൂഹത്തിൽ സൃഷ്ടിക്കാനായത് വലിയ നേട്ടമായി വിലയിരുത്തുന്നു. ഹരിത അയൽക്കൂട്ടങ്ങളും  ഹരിത വിദ്യാലയങ്ങളും കലാലയങ്ങളും, ഹരിത പട്ടണങ്ങളും ഹരിത ഇടങ്ങളുമെല്ലാം പ്രചരണ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നവയായാരുന്നു. ഒറ്റക്കെട്ടായ പ്രവർത്തനത്തിന്റെ വിജയമാണിതെന്ന് ജില്ലാ കലക്ടർ അരുൺ കെ.വിജയൻ പറഞ്ഞു.ഹരിത ശുചിത്വ മാതൃകാ ജില്ലയായി കണ്ണൂരിനെ മാറ്റിയെടുക്കാൻ സഹായിച്ച മുഴുവൻ തദ്ദേശ സ്ഥാപനങ്ങൾക്കും മിഷനുകൾക്കും

വകുപ്പുകൾക്കും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കലക്ടർ നന്ദി അറിയിച്ചു

✪✪✪

ഇന്ന് ലോകഹോമിയോപ്പതി ദിനം. ഹോമിയോപ്പതിയുടെ ഉപജ്ഞാതാവ് ഡോ. സാമുവൽ ഹാനിമാന്റെ ജന്മദിനമായ ഏപ്രിൽ 10 ആണ് ലോക ഹോമിയോപ്പതി ദിനമായി ആചരിക്കുന്നത്.

ആയുഷ് മന്ത്രാലയത്തിന്റെ കണക്കനുസരിച്ച് രാജ്യത്ത് 100 ദശലക്ഷത്തിലധികം ആളുകൾ ആരോഗ്യ ആവശ്യങ്ങൾക്കായി ഹോമിയോപ്പതിയെയാണ് വിശ്വസി ക്കുന്നത്.

✪✪✪

വിഷു അടുത്തെത്തിയതോടെ വഴിയോരങ്ങളിലും വിൽപ്പന ശാലകളിലും ശ്രീകൃഷ്ണ രൂപങ്ങൾ നിരന്നു. പല നിറത്തിലും വലിപ്പത്തിലും നിർമ്മിച്ച കൃഷ്ണ പ്രതിമകൾ വിഷുപ്പുലരിയെ ഐശ്വര്യപൂർണമാക്കും.

ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണന്റെ റിപ്പോർട്ട്....

......(വോയ്സ്)......

കൊന്നപ്പൂവും കണി വെള്ളരിയും ശ്രീകൃഷ്ണ വിഗ്രഹവും ചേർന്ന വിഷുക്കണിയുണ്ടെങ്കിലെ മലയാളികളുടെ വിഷുപ്പുലരിയും വിഷു ആഘോഷവും പൂർണ്ണമാകുകയുള്ളു. പുലർ കാലത്തെ പുഞ്ചിരി തൂകുന്ന കൃഷ്ണ വിഗ്രഹത്തിലെ കാഴ്ച്ച സമ്പൽ സമൃദ്ധിയുടെ നാളുകൾ സമ്മാനിക്കുമെന്നാണ് വിശ്വാസം. വിഷുപ്പുലരി അടുത്തെത്തിയതോടെ നാട്ടിലെയും നഗരത്തിലെയും വ്യാപാരശാലകളിലും വഴിയോരങ്ങളിലുമെല്ലാം കൃഷ്ണ വിഗ്രഹങ്ങൾ വിൽപ്പനക്കായി നിരന്നു കഴിഞ്ഞു. വിഷുപ്പുലരിക്ക് ഏതാനും ദിവസങ്ങൾ മാത്രം ശേഷിക്കെ കൃഷ്ണ വിഗ്രഹങ്ങളുടെ വിൽപ്പന തകൃതിയായി നടക്കുന്നുണ്ടെന്ന് വ്യാപാരികൾ പറഞ്ഞു.

കൃഷ്ണ വിഗ്രഹ നിർമ്മാണമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഏറ്റവും അധികം വരുമാനം ലഭിക്കുന്ന കാലം കൂടിയാണ് വിഷുക്കാലം. കൃഷ്ണ വിഗ്രഹങ്ങൾക്കൊപ്പം രാധാകൃഷ്ണ വിഗ്രഹങ്ങൾക്കും വിഷുക്കാലത്ത് ആവശ്യക്കാർ ഏറെയുണ്ട്.

✪✪✪

അഹമ്മദാബാദിൽ IPL ട്വന്റി-20 ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ്, രാജസ്ഥാൻ റോയൽസിനെ 58 റൺസിന് പരാജയപ്പെടുത്തി. ഇന്ന് ബംഗളൂരു, ഡൽഹിയെ നേരിടും.

✪✪✪

തീരമേഖല പ്ലാസ്റ്റിക് മുക്തമാക്കുന്ന ശുചിത്വസാഗരം സുന്ദരതീരം പദ്ധതിയിൽ മലപ്പുറം ജില്ലയിൽ പാലപ്പെട്ടി മുതൽ കടലുണ്ടി നഗരം വരെ ശുചീകരിക്കും. നാളെ 38 ആക്ഷൻ സെന്ററുകളുടെ നേതൃത്വത്തിലാണ് മാലിന്യമുക്ത നടപടികൾ.

✪✪✪

കോടതി ഫീസ് വർദ്ധിപ്പിച്ച സംസ്ഥാനത്തിന്റെ തീരുമാനം ഉടൻ പിൻവലിക്കണമെന്ന് BJP ലീഗൽ സെൽ സംസ്ഥന സമിതി ആവശ്യപ്പെട്ടു. നിയമപരിരക്ഷ എല്ലാവർക്കും ലഭ്യമാകാതിരിക്കാൻ ഫീസ് വർദ്ധന കാരണമാകുമെന്നും ലീഗൽ സെൽ കൊച്ചിയിൽ പ്രസ്താവനയിൽ അറിയിച്ചു.

✪✪✪

*News Editor: പി ചന്ദ്രബാബു*
*News Reader: അനിൽചന്ദ്രൻ*
*News Team: അനുഷ ആത്മപ്രകാശ്*
*DEO: സി കെ സുബോധ്*

आकाशवाणी